**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3280** **26-06-2024 - ൽ മറുപടിയ്ക്ക്**

**സ്പെഷ്യൽ എഡ്യൂക്കേറ്റർമാരുടെ വേതനം കാലോചിതമായി പരിഷ്കരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് പാഠ്യ-പഠ്യേതര പ്രവർത്തനങ്ങളിൽ പിന്തുണ നൽകുന്നതിന് സമഗ്ര ശിക്ഷ പദ്ധതിക്ക് കീഴിൽ കരാർ വ്യവസ്ഥയിൽ പ്രവർത്തിച്ചു വരുന്ന സ്പെഷ്യൽ എഡ്യൂക്കേറ്റർമാരുടെ വേതനം കാലോചിതമായി പരിഷ്കരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ; | (എ) | കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിന്റെ പ്രോജക്ട് അപ്രൂവൽ ബോർഡ് അംഗീകരിച്ച് നൽകുന്ന തുകയാണ് സമഗ്ര ശിക്ഷാ കേരള മുഖേന സ്പെഷ്യൽ എഡ്യൂക്കേറ്റർമാർക്ക് വേതനമായി നൽകുന്നത്. നിലവിൽ എലിമെന്ററി സ്പെഷ്യൽ എഡ്യൂക്കേറ്റർമാർക്ക് പ്രതിമാസം 20,000/- രൂപയും സെക്കന്ററി സ്പെഷ്യൽ എഡ്യൂക്കേറ്റർമാർക്ക് പ്രതിമാസം 25,000/- രൂപയും നൽകി വരുന്നു. കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയം നിശ്ചയിച്ച പ്രകാരം നൽകാവുന്ന പരമാവധി തുകയാണിത്. പ്രോജക്ടിന്റെ ഭാഗമായി അധിക ശമ്പളം ലഭ്യമാക്കണമെങ്കിൽ പുതിയ പദ്ധതി വർഷങ്ങളിൽ കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയം വേതനം പുതുക്കി നിശ്ചയിച്ച് നൽകേണ്ടിവരും. 2024-25 ലെ പി.എ.ബി മീറ്റിംഗിൽ ഇക്കാര്യം ചർച്ച ചെയ്തിരുന്നു എങ്കിലും വേതന വർദ്ധന സാധ്യമല്ല എന്ന നിലപാടാണ് കേന്ദ്രം സ്വീകരിച്ചത്. |
| (ബി) | എല്ലാ പൊതുവിദ്യാലയങ്ങളിലും സ്പെഷ്യൽ എഡ്യൂക്കേറ്റർമാരെ സ്ഥിരമായി നിയമിക്കണമെന്ന് 28.10.2021 ന് പുറപ്പെടുവിച്ച സുപ്രീംകോടതി വിധി (ഡബ്ല്യു.പി.(സി.) 132/2016) സംസ്ഥാനത്ത് നടപ്പാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ? | (ബി) | ബഹു. സുപ്രീം കോടതിയുടെ 28.10.2021 ലെ WP Civil 1321/2016 നമ്പർ കേസിന്റെ വിധിന്യായത്തിൽ സ്പെഷ്യൽ എജ്യൂക്കേറ്റർമാരെ പൊതുവിദ്യാലയങ്ങളിൽ സ്ഥിരമായി നിയമിക്കണമെന്ന ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ സമഗ്ര ശിക്ഷാ കേരളം ഒരു പ്രോജക്ട് ആയതിനാൽ സ്ഥിരനിയമനം അപ്രായോഗികമാണ്. കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിൽ നിന്ന് നിർദ്ദേശങ്ങൾ ലഭിയ്ക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ